സി.എൽ.റ്റി(3) 11285/13 **സഹകരണ സംഘം രജിസ്ട്രാർ ആഫീസ്**

**തിരുവനന്തപുരം, തീയതി : 20/3/2013**

**Email :** keralarcs.coop@kerala.gov.in

**Website : www.cooperation. kerala.gov.in**

**Tel : No. 0471 2330726**

# സർക്കുലർ 17/2013

**വിഷയം-** **സഹകരണ വകുപ്പ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ പ്രസിഡന്റുമാർക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നത്-സംബന്ധിച്ച്.**

സംസ്ഥാനത്തെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്മാർക്ക് ഔദ്യോഗിക ആവശ്യത്തിനായി ബാങ്കിന്റെ വാഹനം ഉപയോഗിക്കുന്നതിന് അനുവാദം നൽകണമെന്ന് ചില പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രസിഡന്റുമാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഒരു താലൂക്ക് മുഴുവൻ പ്രവർത്തനാതിർത്തിയുള്ള ബാങ്കുകളിലെ നിക്ഷേപ സമാഹരണവും, കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബാങ്ക് ഭരണ സമിതികളുടെയും, പ്രത്യേകിച്ച് പ്രസിഡന്റ്മാരുടെയും ചുമതലകൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും കണക്കിലെടുത്ത് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്മാർക്ക് ഔദ്യോഗിക ആവശ്യത്തിനായി ബാങ്കിന്റെ വാഹനം ഉപയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ടി വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച്, ആവശ്യം കൂടി രേഖപ്പെടുത്തി ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

**ഒപ്പ്,**
**സഹകരണ സംഘം രജിസ്ട്രാർ**